(ബി) സംസ്ഥാന ഗവൺമെൻറിനും ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, പ്രീമിയർ ടയേഴ്സ്, അപ്പോളോ ടയേഴ്സ്, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങൾക്കും എത്ര രൂപ വീതം കൊടുത്തുതീർക്കാനുണ്ട് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 118,74,50,651.10 രൂപ

(ബി) സംസ്ഥാന ഗവൺമെൻറിന്—70,40,53,137.61 രൂപ

ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്—6,39,51,681.00 രൂപ

പ്രീമിയർ ടയേഴ്സ്—7,03,183.00 രൂപ

അപ്പോളോ ടയേഴ്സ്—54,91,976.00 രൂപ

എൽ ഐ.സി.—8,07,60,000.00 രൂപ

സബ്സിഡി വാങ്ങുന്ന വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം

*326 [385] ശ്രീ. കെ. മൂസ്സക്കുട്ടി :

,, കെ. പുരുഷോത്തമൻ :

,, സി.പി. മുസ്സാൻകുട്ടി :

,, സി.കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സബ്സിഡി വാങ്ങുന്ന വ്യവസായ യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ വ്യവസായ വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സബ്സിഡി വാങ്ങിയതിനുശേഷം അടച്ചുപൂട്ടുകയോ പ്രവർത്തനം തുടങ്ങാതിരിക്കുകയോ ചെയ്ത വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്തുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ യും ബി യും) ഉണ്ട്, അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ വേണ്ട പരിശോധന നടത്തി ആവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ താൽക്കാലിക തൊഴിലാളികൾ

*327 [386] ശ്രീ. സി. വാസുദേവമേനോൻ :

,, ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരായ ബസ് കണ്ടക്ടർമാർ ഉണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ യൂണിറ്റുകളിലായി ഇപ്രകാരം എത്ര പേർ ജോലി നോക്കുന്നുണ്ട് ;

(ഇ) ഈ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പകരം ഇപ്പോൾ നിലവിലുള്ള റിസർവ്വ് കണ്ടക്ടേഴ്സിന്റെ കെ.പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ ;

(എഫ്) ഇതിന് എന്തെങ്കിലും പ്രായോഗിക തടസ്സമുണ്ടോ ;

(ജി) 1982 മേയ് മാസത്തിൽ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു ;

(എച്ച്) ഇവരിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർ എത്ര ; സ്ഥിരം തൊഴിലാളികൾ എത്ര ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) 1225.

(സി) ഉണ്ട്.

(ഡി) 754 കണ്ടക്ടർമാർ.

(ഇ & എഫ്) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ കോർപ്പറേഷനിൽ പുതിയ നിയമനങ്ങൾ വേണ്ട എന്നു നിശ്ചയിച്ചിരിക്കുകയാണ്. മറ്റു കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

(ജി) 28100.

(എച്ച്) താൽക്കാലികം—899, സ്ഥിരം—27201.

സ്വകാര്യ ചെറുകിട കയർ ഉൽപ്പാദന മേഖല

*328 [387] ശ്രീ. ടി. വി. വിജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ചെറുകിട കയർ ഉൽപ്പാദനമേഖലയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് ;

(ബി) ഇവർക്ക് ആവശ്യമായ പച്ചത്തൊണ്ട് ലഭ്യമാക്കുന്നതിന് ഗവൺമെന്റ്, എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇവർക്കുകൂടി പച്ചത്തൊണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം പുതുതായി കയർ സൊസൈറ്റികൾ അനുവദിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കയർത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ ആവശ്യമായ കയർ സൊസൈറ്റികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly